# പാഠം 13

ആകാശത്തിന് **സമാഅ്** എന്നാണ് അറബിയിൽ പറയുന്നത്. ഇത് ഓർമയിൽ നിൽക്കുവോളം പറഞ്ഞുശീലിക്കുക. എന്നിട്ട് എഴുതുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| سَمَاء | سَ مَ ا ء സമാഅ് | ء | ا | مَ | سَ |
|---|---|---|---|---|---|
| എഴുതുന്ന രൂപം | ആകാശം | അ് | ാ | മ | സ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.

---

സൂര്യൻ എന്ന വാക്ക് നമുക്ക് സുപരിചിതമാണ്. **ശംസ്** എന്ന കേട്ടാൽ പരിചയമുണ്ടാകില്ല. എന്നാൽ സൂര്യന് അറബിയിൽ പറയുന്നതാണ് ശംസ്. ഇത് നല്ലതുപോലെ പറഞ്ഞ് ശീലിച്ചുവേണം ശംസ് എന്ന് എഴുതിപ്പഠിക്കുവാൻ.

| شَمْس | شَ مْ س ശംസ് | س | مْ | شَ |
|---|---|---|---|---|
| എഴുതുന്ന രൂപം | സൂര്യൻ | സ് | ം | ശ |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

വേട്ടയാടുന്നതിന് അറബിയിൽ പറയുന്നത് **സൈ്വദ്** എന്നാണ്. വേട്ട എന്നാണ് പദം. സൈ്വദ് എന്ന പദം മറക്കാൻ സാധ്യതയുള്ളതിനാൽ അത് കൂടുതൽ ശ്രദ്ധയോടെ മനസ്സിലാക്കുക. എന്നിട്ട് മാത്രം എഴുതുക.



| صَيْد | صَ يْ دْ സൈ്വദ് | دْ | يْ | صَ |
|---|---|---|---|---|
| എഴുതുന്ന രൂപം | വേട്ട | ദ് | യ് | സ്വ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **സമാഅ്** | سَماء | سَ مَ ا ء |
| **ശംസ്** | شَمْس | شَ مْ س |
| **സൈ്വദ്** | صَيْد | صَ يْ د |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



**പരിശീലനം:**
താഴെ പറയുന്ന മലയാള വാക്കുകൾ അറബിയിൽ എഴുതുക:

മസാഅ്
സ്വമദ്
ശൈഅ്